സംബന്ധിച്ചുള്ള ചില സാങ്കേതിക പ്രശ്നങ്ങളാണുള്ളത്. ഇത് തീരേണ്ട ഒരു റെയിൽവേ പാലമാണ്. അതുകൊണ്ട് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനുമായി അടിയന്തിരമായി ബന്ധപ്പെട്ട് ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വർക്കുകൂടി തീർക്കണമെന്നുപറഞ്ഞു. ഇതൊരു ഡെപ്പോസിറ്റ് വർക്കായതുകൊണ്ട് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ എങ്ങനെ ഏറ്റെടുത്ത് നടത്താൻ കഴിയുമെന്നുള്ള കാര്യം അടിയന്തിരമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(7) ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് പലിശ വർദ്ധിപ്പിക്കാനുള്ള കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ തീരുമാനം

ശ്രീ. കെ. സി. ജോസഫ് : സർ, ഈ സബ്മിഷൻ അവതരിപ്പിക്കുന്നതിന് മുമ്പായി ഞാൻ ഒരു പത്രവാർത്തയിലേയ്ക്ക് മന്ത്രിസഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഇത് 17-ാം തീയതിയിലെ മലയാള മനോരമ വാർത്തയാണ് ഞാൻ ഉദ്ധരിക്കുന്നത്-"റിസർവ് ബാങ്ക് പലിശനിരക്ക് അരശതമാനം കുറച്ചു. സാമ്പത്തിക രംഗത്തെ മാന്ദ്യം ഒഴിവാക്കുന്നതിനുവേണ്ടി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ബാങ്ക്റേറ്റ് 8 ശതമാനത്തിൽ നിന്നും 7 ശതമാനം ആയി കുറച്ചു. സാമ്പത്തിക വളർച്ച ലക്ഷ്യമാക്കുവാനും വായ്പാ വിതരണം സുഗമമാക്കുവാനും കൂടിയാണിത്." റിസർവ് ബാങ്ക് പോലും കോമേഴ്സ്യൽ ബാങ്കുകൾക്കുള്ള പലിശ നിരക്ക് കുറയ്ക്കുമ്പോൾ കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ഹ്രസ്വകാല കാർഷിക വായ്പക്ക് 15-12-2000 മുതൽ അന്നുവരെയുണ്ടായിരുന്ന ഒൻപതര ശതമാനം പലിശ വർദ്ധിപ്പിച്ച് 12 ശതമാനം ആക്കിയിരിക്കുന്നു. 15-12-2000 വരെ കൃഷിക്കാരന് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ കൊടുത്തിരിക്കുന്നത് 13 ശതമാനം പലിശയ്ക്കായിരുന്നു. ഈ മാറ്റം വരുത്തിയതുമൂലം ഇന്ന് പലിശ പതിനഞ്ചര ശതമാനമായി വർദ്ധിച്ചു. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് പലിശ നിരക്ക് വർദ്ധിപ്പിച്ചതുമൂലം ഏതാണ്ട് മൂന്നര ശതമാനം വർദ്ധനവാണ് കാർഷിക വായ്പയ്ക്ക് കൃഷിക്കാർ കൊടുക്കേണ്ടത്. കൃഷിക്കാർ ആകെ തകർന്നിരിക്കുകയാണ്. കാർഷികോല്പന്നങ്ങൾക്കൊന്നിനും വിലയില്ല. കാർഷികമേഖലയാകെ വലിയ സാമ്പത്തിക തകർച്ചയെ നേരിടുമ്പോൾ ഒരുഭാഗത്ത് റവന്യൂ റിക്കവറി ആരംഭിച്ചിരിക്കുകയാണ്. കൃഷിക്കാരന്റെ ചട്ടിയും കലവും പോലും പെറുക്കിക്കൊണ്ട് പോവുകയാണ്. അവർക്ക് പുനർ വായ്പകൾ ലഭിക്കുന്നില്ല. അങ്ങനെയുള്ള സമയത്ത് ഒരു ഇരുട്ടടിപോലെയാണ് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ഒൻപതര ശതമാനം പലിശനിരക്ക് ഇപ്പോൾ 12 ശതമാനം ആക്കിയിരിക്കുന്നത്. ഇത് ഗവൺമെന്റ് പരിശോധിക്കാനഭ്യർത്ഥിക്കുന്നു. നബാർഡിന്റെ നോംസനുസരിച്ച് 25,000 രൂപ വരെയുള്ള കാർഷിക വായ്പയ്ക്ക് മാക്സിമം ഇന്ററസ്റ്റ് 12 ശതമാനമായിരിക്കണം. അതാണ് നബാർഡിന്റെ നിബന്ധന. 25000 രൂപയ്ക്ക് മുകളിലാണെങ്കിൽ 14 ശതമാനം. എന്തുകൊണ്ട് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് നബാർഡിന്റെ നോംസ് മറികടക്കാൻ ശ്രമിക്കുന്നുവെന്ന് മന്ത്രി അന്വേഷിക്കണം. സാമ്പത്തിക തർച്ചയെ നേരിടുമ്പോൾ എന്തുകൊണ്ട് പലിശ കൂട്ടുന്നു. റിസർവ് ബാങ്ക് പോലും സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി പലിശ കുറയ്ക്കുമ്പോൾ എന്തുകൊണ്ട് കണ്ണൂർ സഹകരണ ബാങ്ക് പലിശ കൂട്ടുന്നു. ബഹുമാനപ്പെട്ട മന്ത്രി അതന്വേഷിക്കണം. ദയവായി ഈ നടപടി റദ്ദാക്കി മുമ്പുണ്ടായിരുന്ന റേറ്റിന് വായ്പ കിട്ടാനുള്ള സൗകര്യമുണ്ടാക്കിത്തരണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, നബാർഡിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിന് പുനർ വായ്പാ സഹായം നിർത്തൽ ചെയ്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഹ്രസ്വകാല കാർഷിക വായ്പ ഉൾപ്പെടെ യാതൊരു ലോണുകളും കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന് ഇപ്പോൾ ലഭിക്കുന്നില്ല എന്ന് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിരിക്കുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 8.5 ശതമാനം പലിശ നിരക്കിൽ ജില്ലാ ബാങ്കുകൾക്ക് ലഭിക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ 9.5 ശതമാനം പലിശ നിരക്കിലാണ് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ നിരക്കിൽ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന് ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നില്ല. ഹ്രസ്വകാല കാർഷിക വായ്പയായി കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക ബാങ്കുകൾക്ക് വിതരണം ചെയ്ത വായ്പയിൽ 25-1-2001-ന് 101.36 കോടി രൂപയാണ് ബാക്കി നിൽക്കുന്നത്. ഈ ഇനത്തിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന് ലഭിച്ച വായ്പയിൽ ബാക്കി അടയ്ക്കുവാൻ നിൽക്കുന്നത് 16.80 കോടി രൂപ മാത്രമാണ്. കൂടിയ നിരക്കിലുള്ള മറ്റു ഫണ്ടുകൾ കുറഞ്ഞ നിരക്കിലുള്ള കാർഷിക വായ്പയായി ബാങ്ക് നൽകിയിട്ടുണ്ട്. കൂടാതെ മിനിമം ഇൻവോൾവ്മെന്റ് തുകയായി കണ്ണൂർ ജില്ലാ ബാങ്കിന് നബാർഡ് നിശ്ചയിച്ചിട്ടുള്ളത് 69.38 കോടി രൂപയാണ്. എന്നാൽ ഈ തുക പുനർവായ്പയായി നബാർഡ് നൽകിയിട്ടില്ല. എന്നിരുന്നാലും ജില്ലാ ബാങ്ക് ഹ്രസ്വകാല കാർഷിക വായ്പയായി മൊത്തം 84.56 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ ബാങ്ക് ഹ്രസ്വകാല കാർഷിക വായ്പയായി സ്വന്തം ഫണ്ട് വിതരണം ചെയ്തിരിക്കുന്നു എന്ന് വ്യക്തമാകുന്നു. അത്യാവശ്യഘട്ടങ്ങളിൽ ഇപ്പോൾ ജില്ലാ ബാങ്കിന് സംസ്ഥാന സഹകരണ ബാങ്ക് 13 ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകുന്നത്. ആയതിനാൽ ഈ നിരക്കിൽ കുറഞ്ഞ ജില്ലാ ബാങ്കിന് വായ്പ അനുവദിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഈ സാഹചര്യത്തിലാണ് അനുവദനീയമായ മാർജിൻ പോലും എടുക്കാതെ 14-12-2000-ന് ശേഷം പ്രാഥമിക ബാങ്കുകൾക്ക് ഹ്രസ്വകാല കാർഷിക വായ്പയായി വിതരണം ചെയ്ത തുകയ്ക്ക് 13 ശതമാനം പലിശ നിരക്ക് നടപ്പിലാക്കുന്നതിന് ബാങ്ക് നിർബന്ധിതമായിട്ടുള്ളത് എന്നാണ് മനസ്സിലാകുന്നത്. ഹ്രസ്വകാല കാർഷിക വായ്പക്ക് കുറഞ്ഞ നിരക്കിൽ തന്നെയാണ് പലിശ ഈടാക്കേണ്ടത്. ഇതിനനുസൃതമായിട്ടുള്ള നടപടികൾ സംസ്ഥാന ജില്ലാ ബാങ്കുകളെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(8) കാസർഗോഡ് ജില്ലയിലെ വൈദ്യുതി ക്ഷാമം

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് ഏറ്റവും അധികം വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന ജില്ലയാണ് കാസർഗോഡ് ജില്ല. പണി നടന്നു വരുന്ന വൈദ്യുത പദ്ധതികളും സബ് സ്റ്റേഷനുകളും പുതിയ ട്രാൻസ്ഫോർമറുകളും ലൈൻ വലിക്കുന്ന പ്രവർത്തനങ്ങളും എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. ഏകദേശം 12 വർഷം മുമ്പ് പണിയാരംഭിച്ച മുള്ളേരിയിൽ സബ്സ്റ്റേഷന്റെ പണി ഇന്നും പൂർത്തിയാകെ കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly